**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6359** **20-03-2023 - ൽ മറുപടിയ്ക്ക്**

**അവശ്യ രേഖകൾ ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും അവശ്യ രേഖകൾ ഉറപ്പാക്കുന്നതിനായി സർക്കാർ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും അവശ്യ രേഖകൾ നഷ്ടപ്പെട്ട പോകാതിരിക്കുന്നതിനായി രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുവാൻ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എബിസിഡി) പദ്ധതി പട്ടികവർഗ്ഗവിഭാഗക്കാർക്കായി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുണ്ട്. ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ കാർഡ്, മരണ സർട്ടിഫിക്കറ്റ്, ആരോഗ്യ ജനന ഇൻഷുറൻസ് കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങി വിവിധ ആധികാരിക രേഖകൾ ഡിജിറ്റൽ ഡോക്യുമെന്റായി നൽകുന്ന ഈ പദ്ധതി ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഐറ്റി മിഷൻ, എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു.<br><br>പട്ടികജാതി വിഭാഗക്കാർക്കായി പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന എ.ബി.സി.ഡി. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ABCD പദ്ധതി വയനാട്, പാലക്കാട് ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആധികാരികരേഖകൾ ഇല്ലാത്തവരേയും രേഖകൾ നഷ്ടപ്പെട്ടവരേയും കണ്ടെത്തുന്നതിനുള്ള സർവേ പ്രൊമോട്ടർമാർ മുഖേന നടത്തി വരുന്നു. |
| (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനായി നടപ്പാക്കി | (സി) | പട്ടികവർഗ വികസന വകുപ്പ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗകുടുംബങ്ങൾക്ക് ഭൂമി |

| | | | |
|---|---|---|---|
| | വരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | | കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ, റവന്യൂ ഭൂമി വിതരണം എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി ലഭ്യമാക്കി വരുന്നു. ടി പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വനാവകാശനിയമപ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 1684 പേർക്ക് 1789.25 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ